ലേഖനം

ദിക്റുകളുടെ പ്രാധാന്യം

സമീർ മുണ്ടേരി

മാലിക് ഇബ്നു ദീനാറിലേക്ക് ചേർത്തി പറയുന്ന വാചകം ഇപ്രകാരം നമുക്ക് വായിക്കാം. ദുനിയാവിലെ ഏറ്റവും വലിയ ദരിദ്രർ ദുനിയാവിലെ ഏറ്റവും നല്ലതിനെ ആസ്വദിക്കാൻ കഴിയാതെ പോയവരാണ്. അപ്പോൾ അദ്ദേഹത്തോട് ചോദിച്ചു എന്താണ് ദുനിയാവിലെ ഏറ്റവും വലിയ ആസ്വാദനം അദ്ദേഹം മറുപടി പറഞ്ഞു: അല്ലാഹുവിനെ അറിയലും അവനെ സ്നേഹിക്കലും അവന് ദിക്റെടുക്കലുമാണ്.

നോക്കൂ, ദുനിയാവിലെ ഏറ്റവും വലിയ ആസ്വാദനങ്ങളിൽ ഒന്നാണ് അല്ലാഹുവിനുള്ള ദിക്ർ. മനുഷ്യ മനസ്സിന് സമാധാനവുംസന്തോഷവും കണ്ടെത്താ ൻ ദിക്റുകൾ കൊണ്ട് സാധിക്കും.

അല്ലാഹുവിനെ ഓർക്കുക, സ്മരിക്കുക എന്നത് പുണ്യമുള്ള ഇബാദത്താണ്. ذِكْر എന്ന വാക്കിന് 'സ്മരിക്കുക, ഓർമിക്കുക, പറയുക, ധ്യാനിക്കുക' എന്ന ല്ലാമാണ് മലയാളത്തിൽ അർത്ഥം. മനസ്സു കൊണ്ടും വാക്കു കൊണ്ടും അല്ലാഹുവിനെ ഓർക്കുന്നതിനാണ് (ذكر الله) എന്നു പറയുന്നത്.

നബി (സ്വ) പറഞ്ഞു: 'നിങ്ങളുടെ കർമങ്ങളിൽ ഏറ്റവും ഉത്തമമായ കർമ്മവും, നിങ്ങളുടെ യജമാനനായ അല്ലാഹുവിങ്കൽ ഏറ്റവും പരിശുദ്ധമായതും, നിങ്ങളുടെ പദവികൾ ഏറ്റവും ഉയർത്തുന്നതും, സ്വർണ്ണവും വെള്ളിയും ചിലവഴിക്കുന്നതിനേക്കാൾ നിങ്ങൾക്ക് ഉത്തമമായതും , നിങ്ങൾ നിങ്ങളുടെ ശത്രുക്കളെ കണ്ടുമുട്ടുകയും നിങ്ങൾ അവരുടെ കഴുത്തിന് വെട്ടുകയും അവർ നിങ്ങളുടെ കഴുത്തിന് വെട്ടുകയും ചെയ്യുന്നതിനേക്കാൾ ഉത്തമമായതും ആയ ഒരു കർമ്മം ഞാൻ നിങ്ങൾക്ക് പറഞ്ഞു തരട്ടെയോ?' അവർ പറഞ്ഞു: അതേ അല്ലാഹുവിന്റെ റസൂലേ, അവിടുന്ന് പറഞ്ഞു. ഉന്നതനായ അല്ലാഹുവിനെ സ്മരിക്കുക (എന്നതാണത്). (ഇബ്നുമാജ - ശൈഖ് അൽബാനി സ്വഹീഹാക്കിയത്)

അല്ലാഹുവിന്റെ കൽപ്പനയാണ്

വിശ്വാസി തന്റെ ജീവിതത്തിൽ അല്ലാഹുവിനെ ഓർക്കണം എന്നത് അല്ലാഹു കൽപ്പിച്ചതാണ്. അല്ലാഹു പറയുന്നതു നോക്കൂ.

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ ധാരാളമായി അനുസ്മരിക്കുകയും, കാലത്തും വൈകുന്നേരവും അവനെ പ്രകീർത്തിക്കുകയും ചെയ്യുവിൻ. (അഹ്സാബ്-42)

വിനയത്തോടും ഭയപ്പാടോടും കൂടി, വാക്ക് ഉച്ചത്തിലാകാതെ രാവിലെയും വൈകുന്നേരവും നീ നിന്റെ രക്ഷിതാവിനെ മനസ്സിൽ സ്മരിക്കുക. നീ ശ്രദ്ധയില്ലാത്തവരുടെ കൂട്ടത്തിലാകരുത്. (അഅ്റാഫ്- 205)

സൂര്യോദയത്തിനു മുമ്പും അസ്തമനത്തിനുമുമ്പും നിന്റെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം (അവനെ) പ്രകീർത്തിക്കുകയും ചെയ്യുക. (ഖുർആൻ: 50/39)

നബി (സ്വ) യുടെ മാതൃക

ജീവിതത്തിന്റെ എല്ലാ മേഖലകളിലും വിശ്വാസികൾക്ക് മാതൃക കാണിച്ച മുഹമ്മദ് നബി (സ്വ) അല്ലാഹുവിനെ ഓർക്കുന്ന മേഖലയിൽ സുന്ദരമായ മാതൃകയാണ് നമുക്ക് കാണിച്ചു തന്നിട്ടുള്ളത്. ആയിശ (റ) പറയുന്നത് നബി (സ്വ) യുടെ ജീവിതം ദിക്റുകൾ നിറഞ്ഞതായിരുന്നു എന്നാണ്. ഇമാം ബുഖാരിയും മുസ്ലിം രിവായത്ത് ചെയ്യുന്ന ഹദീസിൽ ഇങ്ങനെ വായിക്കാം. നബി(സ്വ) എല്ലാ സന്ദർഭങ്ങളിലും അല്ലാഹുവിനെ സ്മരിച്ചിരുന്നു. (ബുഖാരി, മുസ്ലിം)

മുആദ് ബിൻ ജബൽ (റ) നബി (സ്വ) യോട് അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട കർമമേതാണെന്നു ചോദിച്ചപ്പോൾ നബി(സ്വ) പറഞ്ഞു: 'അല്ലാഹുവിനെ കുറിച്ചുള്ള സ്മരണയാൽ നിന്റെ നാവു നനഞ്ഞിരിക്കെ നീ മരണം വരിക്കുക എന്നതാണത്.'(സിൽസിലത്തു സ്വഹീഹ)

ദിക്റുകളുടെ മഹത്വം

മുആദുബ്നു അനസുൽ ജുഹനി നിവേദനം ചെയ്യുന്നു: ഒരാൾ നബിയോട്(സ്വ) ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, മുജാഹിദുകളിൽ ഏറ്റവും മഹത്തായ പ്രതിഫലം നേടുന്നതാരാണ്. അവിടുന്ന് പറഞ്ഞു.അവരിൽ ഏറ്റവും അധികം അല്ലാഹുവിനെ സ്മരിക്കുന്നവൻ. അയാൾ ചോദിച്ചു. നോമ്പുകാരിൽ ഏറ്റവും പ്രതിഫലം നേടുന്നതാരാണ്. നബി(സ്വ) പറഞ്ഞു; മഹോന്നതനായ അല്ലാഹുവിനെ ഏറ്റവും സ്മരിക്കുന്നവൻ. പിന്നീട് അയാൾ നമസ്കാരത്തേയും സക്കാത്തിനേയും ഹജ്ജിനേയും ദാനത്തേയും കുറിച്ച് ചോദിച്ചു. എല്ലാറ്റിനും നബി (സ്വ) മറുപടി പറഞ്ഞത്, അവരിൽ ഏറ്റവും അധികം അല്ലാഹുവിനെ സ്മരിക്കുന്നവൻ എന്നു തന്നെയായിരുന്നു. (മുസ്നദ് അഹ്മദ്)

ഇമാം ബുഖാരിയും മുസ്ലിമുമെല്ലാം ഉദ്ധരിക്കുന്ന ഒരു ഹദീസിന്റെ ആശയം ഇങ്ങനെയാണ്. മുഹാജിറുകളിൽ പെട്ട ദരിദ്രന്മാരായ ചിലർ നബി (സ്വ) യുടെ സമീപത്തു വന്ന പറയുന്നുണ്ട്, നബിയെ.. സമ്പന്നാരായ ആളുകൾ അവരുടെ ദീനാറും ദിർഹമും ഉപയോഗിച്ച് സ്വർഗത്തിലെ ഉന്നതമായ പദവികൾ കരസ്ഥമാക്കിയിരിക്കുന്നു. കാരണം അവർ നോമ്പ് നോൽക്കുന്നതു പോലെ ഞങ്ങളും നോമ്പ് നോൽക്കുന്നുണ്ട്. അവർ നമസ്ക്കരിക്കുന്നതു പോലെ ഞങ്ങളും നമസ്ക്കരിക്കുന്നുണ്ട്. എന്നാൽ അവർ സ്വദഖ നൽകുന്നു. ഞങ്ങൾ സ്വദഖ നൽകുന്നില്ല. അവർ അടിമകളെ മോചിപ്പിക്കുന്നു. ഞങ്ങൾ അടിമകളെ മോചിപ്പിക്കുന്നില്ല.

നബി (സ്വ) അവരോട് ഇപ്രകാരം ചോദിച്ചു; ആ മുൻകടന്നവരുടെ കൂടെ എത്താനും അവരെ മുൻകടക്കാനും സാധിക്കുന്ന ഒരു കാര്യം ഞാൻ അറിയിച്ചു തരട്ടെയോ? അവർ അതെയെന്ന് മറുപടി പറഞ്ഞു; അപ്പോൾ നബി (സ്വ) പറഞ്ഞു: ഓരോ ഫർദ് നമസ്ക്കാര ശേഷവും മുപ്പത്തിമൂന്ന് തവണ വീതം സുബ്ഹാനല്ലാഹ്, അൽ ഹംദുലില്ലാഹ്, അല്ലാഹു അക്ബർ എന്നും ശേഷം നൂറ് തികച്ചു കൊണ്ട് ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു എന്നു തുടങ്ങുന്ന ദിക്റും ചൊല്ലുക.

ദിക്റിലൂടെ ലഭിക്കുന്ന വമ്പിച്ച നേട്ടമാണ് നബി (സ്വ) സ്വഹാബികളെ ഓർമപ്പെടുത്തിയത്. മറ്റൊരു ഹദീസിൽ ഇപ്രകാരം വായിക്കാം. റസൂൽ(സ്വ) പറഞ്ഞു: മുഫർരിദൂൻ (സ്വർഗ്ഗത്തിലേക്ക്) മുൻകടന്നു കഴിഞ്ഞു: പ്രവാചകരേ ആരാണ് മുഫർരിദൂൻ എന്നു സഹാബാക്കൾ ആരാഞ്ഞപ്പോൾ അവിടുന്ന് പറഞ്ഞു: അല്ലാഹുവിനെ ധാരാളം സ്മരിക്കുന്ന പുരുഷൻമാരും സ്ത്രീകളുമാണവർ. (മുസ്ലിം)

ദിക്റുകൾ സലഫുകളുടെ വാക്കുകളിലൂടെ

ഇബ്നുൽ ഖയ്യിം ﵀ പറഞ്ഞു: അല്ലാഹുവിനെ ഓർക്കാനായി ആരെങ്കിലും തന്റെ നാവിനെ ശീലിപ്പിച്ചാൽ അവന്റെ നാവിനെ അല്ലാഹു വൃത്തികേടിൽ നിന്നും, ഉപകാരമില്ലാത്ത കാര്യങ്ങളിൽ നിന്നും സംരക്ഷിക്കും. ഇനി ആരുടെയെങ്കിലും നാവ് അല്ലാഹുവിനെ ഓർക്കുന്നതിൽ നിന്നും ഉണങ്ങിപ്പോയാൽ വൃത്തികേടും തോന്നിവാസവും കൊണ്ട് അത് നനയുകയും ചെയ്യും. (അൽ വാബിലു സ്സ്വയ്യിബ്)

അല്ലാഹുവിനെ ഓർക്കാനായി ആരെങ്കിലും തന്റെ നാവിനെ ശീലിപ്പിച്ചാൽ അവന്റെ നാവിനെ അല്ലാഹു വൃത്തികേടിൽ നിന്നും, ഉപകാരമില്ലാത്ത കാര്യങ്ങളിൽ നിന്നും സംരക്ഷിക്കും. ഇനി ആരുടെയെങ്കിലും നാവ് അല്ലാഹുവിനെ ഓർക്കുന്നതിൽ നിന്നും ഉണങ്ങിപ്പോയാൽ വൃത്തികേടും തോന്നിവാസവും കൊണ്ട് അത് നനയുകയും ചെയ്യും.

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ ﵀ പറഞ്ഞു: അല്ലാഹുവിനെ കുറിച്ചുള്ള ഓർമ, ദിക്ർ ഹൃദയത്തിന് മത്സ്യത്തിന് വെള്ളം പോലെയാണ്, വെള്ളം ഒഴിവാക്കിയാൽ മത്സ്യത്തിന്റെ അവസ്ഥ എന്താകും? (അൽ വാബിലു സ്സ്വയ്യിബ്)

അബൂ ഹാതിം (റ) പറഞ്ഞു: ഏറ്റവും ലാഭകരമായ കച്ചവടം അല്ലാഹുവിനെ സ്മരിക്കലാണ്. ഏറ്റവും നഷ്ടകരമായ കച്ചവടം ജനങ്ങളെക്കുറിച്ച് സംസാരിക്കലാണ്.

(ബഹ്ജത്തുൽ മജാലിസ്)

കഅബ് (റ) പറഞ്ഞു: ''കാര്യങ്ങളിൽ അല്ലാഹുവിലേക്ക് ഏറ്റവും ഇഷ്ടം നിസ്ക്കാരവും, ദിക്റുമാകുന്നു. യുദ്ധത്തിന്റെ സന്ദർഭത്തിൽ വരെ അത് രണ്ട് കൊണ്ടും അവൻ കൽപിച്ചത് നിങ്ങൾ കാണുന്നില്ലേ.'' (തഫ്സീർ ഇബ്നു അബീ ഹാതിം)

ദിക്റുകളിലൂടെ ലഭിക്കുന്നത്

1. വിജയികളാവാൻ അല്ലാഹുവിനെ ഓർക്കുക.

അങ്ങനെ നമസ്കാരം നിർവഹിക്കപ്പെട്ടു കഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ വ്യാപിച്ചു കൊള്ളു കയും, അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് തേടിക്കൊള്ളുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ ധാരാളമായി ഓർക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം. (ജുമുഅ)

2. അല്ലാഹു നമ്മെ ഓർക്കും.

ആകയാൽ എന്നെ നിങ്ങൾ ഓർക്കുക. നിങ്ങളെ ഞാനും ഓർക്കുന്നതാണ്. എന്നോട് നിങ്ങൾ നന്ദി കാണിക്കുക. നിങ്ങളെന്നോട് നന്ദികേട് കാണിക്കരുത്.(ഖുർആൻ :2/152)

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: നബി(സ്വ)പറഞ്ഞു: അല്ലാഹു പറയുന്നു: എന്റെ ദാസൻ എന്നെ വിചാരിക്കും പോലയാണ് ഞാൻ. അവൻ എന്നെ ഓർക്കുമ്പോൾ ഞാൻ അവന്റെ കൂടെയുണ്ടായിരിക്കും. അവൻ സ്വയം (മനസ്സിൽ) എന്നെ ഓർത്താൽ ഞാൻ അവനെയും സ്വയം ഓർക്കും. ഒരു സംഘത്തിൽവെച്ച് അവൻ എന്നെ ഓർത്താൽ (എന്നെക്കുറിച്ച് പ്രസ്താവിച്ചാൽ) അവരെക്കാൾ ഉത്തമമായ ഒരു സംഘത്തിൽ വെച്ച് ഞാൻ അവനെയും ഓർക്കും (പ്രസ്താവിക്കും). (ബുഖാരി:7405)

3. പാപമോചനവും മഹത്തായ പ്രതിഫലവും ലഭിക്കും

(അല്ലാഹുവിന്) കീഴ്പെടുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, വിശ്വാസികളായ പുരുഷൻമാർ, സ്ത്രീകൾ, ഭക്തിയുള്ളവരായ പുരുഷൻമാർ, സ്ത്രീകൾ, സത്യസന്ധരായ പുരുഷൻമാർ, സ്ത്രീകൾ, ക്ഷമാശീലരായ പുരുഷൻമാർ, സ്ത്രീകൾ വിനീതരായ പുരുഷൻമാർ, സ്ത്രീകൾ, ദാനം ചെയ്യുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, വ്രതമനുഷ്ഠിക്കുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, തങ്ങളുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുന്നവരായ പുരുഷൻമാർ, സ്ത്രീകൾ, ധാരാളമായി അല്ലാഹുവിനെ ഓർമിക്കുന്നവരായ പുരുഷൻമാർ, സ്ത്രീകൾ - ഇവർക്ക് തീർച്ചയായും അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിരിക്കുന്നു. (ഖുർആൻ :33/35)

അനസ് ഇബ്നു മാലിക്(റ) വിൽ നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: അല്ലാഹുവിന്റെ വജ്ഹ് മാത്രം ഉദ്ദേശിച്ചുകൊണ്ട് അല്ലാഹുവിനെ സ്മരിച്ച് കൊണ്ട് വല്ലവരും ഒരുമിച്ച് കൂടിയാൽ ആകാശത്ത് നിന്നൊരു വിളിയാളൻ വിളിച്ച് പറയും: പാപങ്ങൾ പൊറുക്കപ്പെട്ടവരായി നിങ്ങൾ പൊയ്ക്കൊള്ളുക, നിങ്ങളുടെ തിന്മകൾ നൻമയാക്കി മാറ്റപ്പെട്ടിരിക്കുന്നു. (സ്വഹീഹുവത്തർഗീബ്)

4. അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷ ലഭിക്കും

അല്ലാഹുവിന്റെ വജ്ഹ് മാത്രം ഉദ്ദേശിച്ചുകൊണ്ട് അല്ലാഹുവിനെ സ്മരിച്ച് കൊണ്ട് വല്ലവരും ഒരുമിച്ച് കൂടിയാൽ ആകാശത്ത് നിന്നൊരു വിളിയാളൻ വിളിച്ച് പറയും: പാപങ്ങൾ പൊറുക്കപ്പെട്ടവരായി നിങ്ങൾ പൊയ്ക്കൊള്ളുക, നിങ്ങളുടെ തിന്മകൾ നൻമയാക്കി മാറ്റപ്പെട്ടിരിക്കുന്നു.

അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു : ആദമിന്റെ പുത്രൻ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് തനിക്ക് അതിരക്ഷയായി ഒരു അമലും ചെയ്തിട്ടില്ല; ദിക്റുല്ലാഹി യേക്കാൾ.

മുആദ് ബ്നു ജബൽ (റ) പറഞ്ഞു: അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ ദിക്റിനേക്കാൾ നല്ല മറ്റൊന്നില്ല.

5. മനസ്സിന് ശാന്തത ലഭിക്കും

ദിക്റിലൂടെ ലഭിക്കുന്ന ഏറ്റവും വലിയ നേട്ടമാണ് മനസ്സുകൾ സ്വസ്ഥമാവുക എന്നത്. അല്ലാഹു പറയുന്നത് നോക്കൂ, അറിയുക, അല്ലാഹുവിനെ കുറിച്ചുള്ള ഓർമ കൊണ്ടത്രെ മനസ്സുകൾ ശാന്തമായി തീരുന്നത്. (ഖുർആൻ :13:28)

അല്ലാഹുവിനെ സ്മരിക്കുന്നവരാകാനുള്ള വഴികൾ

1. നമസ്കാരം കൃത്യമായി നിലനിർത്തുക.
2. നബി (സ്വ) പഠിപ്പിച്ച ദിക്റുകളും ദുആകളും ജീവിതത്തിൽ പതിവാക്കുക.
3. ഖുർആൻ പാരായണം ശീലമാക്കുക.
4. പ്രാർത്ഥനകൾ വർദ്ധിപ്പിക്കുക.
5. അല്ലാഹു നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുക.

പ്രിയപ്പെട്ടവരെ, നമ്മുടെ ജീവിതത്തിൽ ദിക്റുകളുടെ ആവശ്യകതയും അതിലൂടെ ലഭിക്കുന്ന നേട്ടങ്ങളും മനസ്സിലാക്കി അല്ലാഹുവിനെ ഓർക്കുന്ന നല്ല ദാസന്മാരിൽ ഉൾപ്പെടാൻ പരിശ്രമിക്കുക. നബി (സ്വ) പറഞ്ഞത് ഇപ്രകാരമാണ്. ഇബ്നു ഉമർ(റ) നിവേദനം അല്ലാഹുവിന്റെ റസൂൽ (സ്വ) പറഞ്ഞു: അല്ലാഹുവിന്റെ ദിക്ർ അല്ലാത്ത മറ്റു സംസാരങ്ങൾ നിങ്ങ ൾ അധികരിപ്പിക്കരുത്. കാരണം, അല്ലാഹുവിനെ സ്മരിക്കാതെ ഉള്ള അധിക സംസാരം ഹൃദയം കഠിനമാക്കും. ഹൃദയം കഠിനമായവനാണ് ജനങ്ങളിൽ അല്ലാഹുവിൽ നിന്നും ഏറ്റം അകന്നവൻ.